# കേരള സർവകലാശാല

നം.പി.ആർ.100/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പണമൊടുക്കുന്നതിന് 'വെർച്ചൽ ടോക്കൺ' സമ്പ്രദായം

സർവകലാശാലയുടെ ആലപ്പുഴ, കാര്യവട്ടം, പാളയം കാമ്പസുകളിൽ പ്രവർത്തിക്കുന്ന ക്യാഷ് കൗണ്ടറുകളിൽ, ഓൺലൈൻ വഴി പണം അടയ്ക്കുവാൻ ബുദ്ധിമുട്ടുള്ളവർക്കായി, പണമൊടുക്കുവാൻ 'വെർച്ചൽ ടോക്കൺ' സമ്പ്രദായം നടപ്പിലാക്കി.

പരീക്ഷകളുടെ ഒഴികെ മറ്റു ഫീസ് ഇനങ്ങൾ തലേദിവസം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് അടുത്ത പ്രവൃത്തി ദിനത്തിൽ രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ തെരഞ്ഞെടുത്ത കൗണ്ടറിൽ നേരിട്ട് അടയ്ക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് www.keralauniversity.ac.in, http://pay.keralauniversity.ac.in സന്ദർശിക്കുക. പരീക്ഷാഫീസ് ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ഓൺലൈൻ വഴി തുടർന്നും അടയ്ക്കണം. സർവകലാശാലയുടെ പഠനവകുപ്പുകളും അഫിലിയേറ്റഡ് കോളേജുകളും ഇതിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല.

(പ്രത്യേക കുറിപ്പ്: പ്രസ്തുത വാർത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### ടൈംടേബിൾ

ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി പരീക്ഷകൾ 2020 ജൂൺ 23 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ജൂൺ 16 മുതൽ നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾ ജൂലൈ 1 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫീസ്

2020 ജൂലൈയിൽ നടത്താനിരിക്കുന്ന പി.ജി.ഡി.ഇ.സി പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 11 വരെയും 150 രൂപ പിഴയോടെ ജൂൺ 16 വരെയും 400 രൂപ പിഴയോടെ ജൂൺ 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
08.06.2020

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

| |
|---|
| **University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098** |